## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1930 | 06.02.2019 - ൽ മറുപടിക്ക് |
|---|---|

## കേരള പുനർനിർമ്മിതിക്കുള്ള സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, കെ. രാജൻ<br>,, മുഹമ്മദ് മുഹസിൻ പി. : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള തുക ഏതൊക്കെ മേഖലകളിൽ നിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും.<br>കൂടാതെ, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ വിതരണ വിലയ്ക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ക്രൗഡ് ഫണ്ടിംഗ് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും അറിയിക്കുമോ; | (ബി) | സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പോൺസർ ചെയ്യുന്നതിനും, കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ശുപാർശകൾ ലഭിച്ച വരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഒരു ക്രൗഡ് ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് തയ്യാറാക്കുകയും ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംവിധാനം rebuild.kerala.gov.in എന്ന വെബ്-സൈറ്റിൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വെബ്-സൈറ്റിലെ നിയുക്ത ഓപ്ഷനുകൾ വഴി വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്.<br>സർക്കാരോ അംഗീകൃത ഏജൻസികളോ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഒരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. |
| (സി) | പുനർനിർമ്മാണത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹകരണവും സാമ്പത്തിക സഹായവും ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി അനുമതി നൽകണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 |

| | | | |
|---|---|---|---|
| | | | ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല.<br>ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെടുകയും ആയതിന്മേൽ ലോകബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് 'നോ ഒബ്ജക്ഷൻ' അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാരുകൾക്ക് വിദേശ ധനസഹായം ലഭ്യമാക്കുന്നതിൽ എന്തൊക്കെ നിബന്ധനകളാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | (ഡി) & (ഇ) | പുനർനിർമ്മാണത്തിന്റെ ഭാഗമായുള്ള വായ്പ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പുനർനിർമ്മാണത്തിന് ലോകബാങ്ക് സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**